# ഇജ്തിഹാദ് ഒരു സിംഹാവലോകനം

വി.കെ അലി

**സൃഷ്ടിജാലങ്ങളിൽ** വെച്ചേറ്റവും ഉൽകൃഷ്ടനാണ് മനുഷ്യൻ. ബുദ്ധിയും വിവേകവും പ്രദാനം ചെയ്ത് ആലോചിക്കുവാനും ആസൂത്രണം ചെയ്യുവാനും പ്രാപ്തി നൽകി ദൈവം അവനെ ആദരിച്ചിരിക്കുന്നു. ആശയക്കുഴപ്പങ്ങളും അവ്യക്തതകളും മഞ്ഞുപോലെ മൂടി നിൽക്കുന്ന ലോകത്ത് പ്രതിഭയും ചിന്താശക്തിയുമുള്ളവർക്ക് തന്നെ മാർഗ്ഗഭ്രംശം പറ്റും. എന്നിരിക്കെ സാധാരണന്മാരെപ്പറ്റി പറയേണ്ടതില്ല. പ്രശ്നം പരിഹരിക്കുവാൻ മനുഷ്യനെ സൃഷ്ടിച്ച നാഥൻ തന്നെ അവന്റെ മാർഗദർശനത്തിനു ഏർപ്പാടുചെയ്തു. ജീവിത മണ്ഡലങ്ങളെ സാകല്യേന ചൂഴ്ന്നു നിൽക്കുന്ന നിയമശാസനകളടങ്ങിയ വേദഗ്രന്ഥം അവതരിപ്പിക്കുകയും അവശ്യമായ വിശദീകരണങ്ങൾ നൽകാൻ പ്രവാചകനെ ചുമതലപ്പെടുത്തുകയും ചെയ്തു. കുത്തും കോമയുമില്ലാത്ത ചിന്ത മനുഷ്യനെ ഒരുതരം മായാവാദത്തിലേക്ക് നയിക്കാൻ സാധ്യതയുള്ളതിനാൽ അവന്റെ അന്വേഷണങ്ങൾക്കും പര്യവേക്ഷണങ്ങൾക്കും ഭദ്രമായ അടിത്തറയും യുക്തമായ അതിർത്തികളും നിർണയിച്ചു. പ്രവാചകൻ പറഞ്ഞു:

"രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ ഉപേക്ഷിച്ചുപോകുന്നു. അവ മുറുകെ പിടിക്കും കാലം നിങ്ങൾ വഴി പിഴക്കില്ല. ദിവ്യഗ്രന്ഥവും പ്രവാചകചര്യയുമാണവ."

## ഇജ്തിഹാദ് അഥവാ ഗവേഷണം

ഇസ്‌ലാം ഒരു ശാശ്വത ജീവിതവ്യവസ്ഥയാണ്. മാറിമാറി വരുന്ന പരിതസ്ഥിതികളുടെ വെല്ലുവിളികൾ നേരിട്ട് കാലത്തിന്റെ നീളത്തിൽ അധൃഷ്യവും അജയ്യവുമായി നിലയുറപ്പിക്കേണ്ടത് അതിന്റെ അനിവാര്യതയാണ്. കുറേക്കാലം കഴിഞ്ഞാൽ ഇസ്‌ലാമിന്റെ 'ഗ്യാരണ്ടി' തീരുമെന്നും അത് കാലഹരണപ്പെടുമെന്നും മുസ്‌ലിംകളിലൊരാളും വിശ്വസിക്കുന്നില്ല. അതിനാൽ തന്നെ അജ്തിഹാദ് ഇസ്‌ലാമിക നിയമസംഹിതയുടെ അവശ്യ താല്പര്യമാണ്.

ഏതെങ്കിലും ഒരു പ്രശ്നത്തെക്കുറിച്ച് ഖുർആന്റെയും സുന്നത്തിന്റേയും അടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിനുള്ള മതപണ്ഡിതന്മാരുടെ പരിശ്രമത്തിനാണ് ഇജ്തിഹാദ് എന്ന സാങ്കേതിക സംജ്ഞ പ്രയോഗിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവൻ 'മുജ്തഹിദും' മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നതിനെ 'തഖ്‌ലീദ്' എന്നും അത്തരക്കാരെ 'മുഖല്ലിദു' കൾ എന്നും വിളിക്കുന്നു. മുഖല്ലിദുകളല്ലാത്തവരെല്ലാം മുജ്തഹിദുകളാവണമെന്നില്ലെന്ന് ഈ നിർവചനങ്ങളിൽനിന്ന് വ്യക്തമാവും. ഓരോ അഭിപ്രായങ്ങളുടേയും തെളിവുകളും ന്യായങ്ങളും മനസ്സിലാക്കി അവ സ്വീകരിക്കുന്ന ഒരു മദ്ധ്യവർത്തി വിഭാഗവുമുണ്ട്.

ഇജ്തിഹാദിന്ന് പ്രത്യേക പ്രാപ്തികളും യോഗ്യതകളും വേണം. ആർക്കും എപ്പോഴും ചെയ്യാവുന്ന ഒരു ഹോബിയല്ല അത്. ഖുർആനിലും സുന്നത്തിലും അവഗാഹം നേടിയവനായിരിക്കണം മുജ്തഹിദ്. അറബിഭാഷയിൽ വ്യുൽപത്തി നേടിയവർക്കേ ഖുർആന്റെയും സുന്നത്തിന്റെയും അർത്ഥങ്ങളും ആശയങ്ങളും വേണ്ടവിധം മനസ്സിലാകൂ. പൂർവികരായ പണ്ഡിതരുടെ അഭിപ്രായങ്ങളും ചിന്താഗതികളും അറിഞ്ഞിരിക്കേണ്ടതും ആവശ്യമാണ്. തന്റെ അഭിപ്രായങ്ങൾക്കെതിരിൽ ഉന്നയിക്കപ്പെടുന്ന വസ്തുതകളെന്തെല്ലാമാണെന്ന് ഗ്രഹിക്കുമ്പോൾ ചിന്താവൈകല്യങ്ങൾ ദൂരീകരിക്കുവാനും തെറ്റുണ്ടെങ്കിൽ തിരുത്തുവാനും സൗകര്യം ലഭിക്കും. (വിശദീകരണത്തിന് ഇമാം ശാഫിയുടെ 'രിസാല' നോക്കുക.) അതുകൊണ്ടാണ് പ്രഗത്ഭരായ പണ്ഡിതരെല്ലാം എതിരഭിപ്രായങ്ങളെ സശ്രദ്ധം ഗൗനിച്ചിരുന്നത്. "ഇമാം അബൂഹനീഫ അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ച് അങ്ങേയറ്റം അറിയുന്നവനായിരുന്നു. കാരണം, അഭിപ്രായഭിന്നതകൾക്കിടയിൽ പ്രകാശം മിന്നിത്തിളങ്ങുന്നുണ്ടാവും. ഇമാം മാലിക്ക്(റ) അബൂഹനീഫയുടെ വിദ്യാർത്ഥികളെ കണ്ടാൽ അദ്ദേഹം എന്തെല്ലാമാണ് പറയാറുളളതെന്ന് അവരോട് ആരായുമായിരുന്നു." (അബൂസുഹ്റയുടെ 'ഉസൂലുൽ ഫിഖ്ഹ്')

ഇസ്‌ലാമിക ശരീഅത്തിന്റെ പൊതുസ്വഭാവങ്ങളെക്കുറിച്ച് അറിയുന്നവർക്കേ ഇജ്തിഹാദിന്നർഹതയുള്ളൂ. മതകാര്യങ്ങളിൽ ദീക്ഷിപ്പെട്ട അടിസ്ഥാന തത്വങ്ങളും പൂർവികരുടെ ഗവേഷണ രീതികളും അവർക്കു വശമുണ്ടായിരിക്കണം. അത്പോലെ പ്രതിഭാവിലാസവും ബുദ്ധിശക്തിയുമില്ലാത്തവർക്ക് വിഹരിക്കാനുള്ള മണ്ഡലവും ഇതല്ല. ഉദ്ദേശ്യ ശുദ്ധിയും വിശ്വാസ സുബദ്ധതയും കൂടി ഇവ്വിഷയത്തിൽ പരിഗണിക്കപ്പെടും.

കിതാബിന്റെയും സുന്നത്തിന്റെയും സാധൂകരണമില്ലാത്ത വിശ്വാസാദർശങ്ങൾ വെച്ചുപുലർത്തുന്നവരുടെ ഇജ്തിഹാദ് മതദൃഷ്ട്യാ വിലയില്ലാത്തതാണ്. കാരണം, ഗവേഷകരുടെ അഭിപ്രായങ്ങൾ മുസ്‌ലിംകൾക്ക് സ്വീകരിക്കാൻ കൂടി പറ്റുന്നതായിരിക്കണമല്ലോ.

മേൽപറഞ്ഞ യോഗ്യതകളുള്ളവർക്കെല്ലാം ഇജ്തിഹാദ് ചെയ്യാവുന്നതാണ്. ഈദൃശ യോഗ്യതകൾ തികഞ്ഞ അനേകം പണ്ഡിതർ ഓരോ കാലഘട്ടത്തിലും ഉണ്ടായിരിക്കും. മുജ്തഹിദുകളുടെ വിശേഷണങ്ങളെണ്ണിപ്പറഞ്ഞ് അനാവശ്യമായി സങ്കീർണതകൾ സൃഷ്ടിക്കുന്നത് നന്നല്ല. എന്നാൽ ആർക്കും നിരായാസം നിർവഹിക്കാവുന്ന കൃത്യമാണ് ഗവേഷണം എന്ന് പറയുകയാണെങ്കിൽ അതും അപഹാസ്യമാണ്.

## ഇജ്തിഹാദിന്റെ ആവശ്യകത

ഇമാം സൂയൂഥി പറഞ്ഞു: "ഏതെങ്കിലും ഒരു കാലഘട്ടം ഒറ്റ മുജ്തഹിദുമില്ലാതെയാവുകയെന്നത് ബുദ്ധിപരമായി അന്ത്യാനാൾ വരെ അസംഭവ്യമാണെന്ന് ഭൂരിപക്ഷം പണ്ഡിതരും വ്യക്തമാക്കിയിരിക്കുന്നു. മുജ്തഹിദ് ഇല്ലാത്ത കാലമുണ്ടായാൽ ഇസ്‌ലാം നിഷ്പ്രയോജനമാവും. അതോടെ ജനങ്ങളുടെ ബാധ്യത നീങ്ങിപ്പോവുകയും ജനങ്ങൾക്കെതിരിൽ തെളിവ് നഷ്ടപ്പെടുകയും ചെയ്യും."

ആഴത്തിൽ ചിന്തിച്ചാൽ ഇമാം സുയൂഥിയുടെ അഭിപ്രായം അക്ഷരം പ്രതി ശരിയാണെന്ന് ബോധ്യപ്പെടും. കാരണം, ഖുർആനും സുന്നത്തുമാണ് മനുഷ്യപ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന മൂലപ്രമാണങ്ങൾ. അവയിൽ വ്യക്തമായ നിർദേശങ്ങളില്ലാത്ത നിരവധി പ്രശ്നങ്ങൾ ഓരോ കാലത്തും സംഭവിക്കും. നാഗരികതയുടെ വികാസ പരിണാമങ്ങളനുസരിച്ച് നവംനവങ്ങളായ പ്രശ്നങ്ങൾ ഉടലെടുക്കുമെന്നത് നിസ്തർക്കമാണ്. ആധുനിക ബാങ്കിംഗ് സിസ്റ്റം, ഇൻഷൂറൻസ് വ്യവസ്ഥ, പലതരം ഉല്പന്നങ്ങളുടെ സകാത്ത്, ലോട്ടറി, സന്താന നിയന്ത്രണം, ഭൂപരിഷ്കരണ നിയമങ്ങൾ മുതലായവയെക്കുറിച്ച് ഖുർആനിലോ സുന്നത്തിലോ ഖണ്ഡിതമായ നിർദേശങ്ങളില്ല. അന്ത്യനാൾ വരെ ലോകത്തുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും ഒരു ഗ്രന്ഥം കയ്യാളുകയെന്നതും പ്രായോഗികമല്ല. അതിനാൽ എല്ലാ കാര്യങ്ങളുടേയും മൗലിക തത്വങ്ങളും അത്യാവശ്യമായ ചില വിശദീകരണങ്ങളുമാണ് ഖുർആനിലും സുന്നത്തിലുമുള്ളത്. അവയുടെ സീമകൾക്കകത്തു നിന്ന് ആവശ്യമായ സഹ നിയമങ്ങൾ കണ്ടെത്തുകയെന്നത് പണ്ഡിതന്മാരുടെ ചുമതലയാണ്. മനുഷ്യന്റെ ബുദ്ധിശക്തിയെ നിർവീര്യമാക്കാതെ പ്രവർത്തനക്ഷമമാക്കാനും ഇതുപകരിക്കും. കാലികമായ പ്രശ്നങ്ങൾ ഇവയുടെ അടിസ്ഥാനത്തിലാണ് പരിഹരിക്കേണ്ടത്. ഓരോ കാലഘട്ടത്തിലും മുജ്തഹിദുകളുണ്ടായാലേ നൂതന പ്രശ്നങ്ങളെക്കുറിച്ച ഇസ്‌ലാമിക വിധികൾ മനസ്സിലാവൂ. മുജ്തഹിദ് ഇല്ലാതായാൽ ഇസ്‌ലാം നിഷ്പ്രയോജനമാവും. കാരണം, പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ അത് പരാജയപ്പെടും. ജനങ്ങൾ ആശയക്കുഴപ്പത്തിന്റെ ഘനാന്ധകാരത്തിൽ തപ്പിത്തടയും. ദൈവം അതിന്നിടവരുത്തുകയില്ല. സൃഷ്ടികൾക്ക് മാർഗ്ഗദർശനം നൽകുകയെന്നത് അവന്റെ ബാധ്യതയാണല്ലോ. "ഒരു പ്രവാചകനെ അയച്ച് (കാര്യങ്ങളുണർത്തി) കൊണ്ടല്ലാതെ നാമാരേയും ശിക്ഷിക്കുകയില്ല" എന്ന ഖുർആനിക സൂക്തം വിളംബരം ചെയ്യുന്ന തത്വവും ഇതുതന്നെ.

## മഹാന്മാരുടെ നിലപാട്

ഖുർആനിലും സുന്നത്തിലും സ്പഷ്ടമായി പറഞ്ഞ കാര്യങ്ങൾ നിസ്സന്ദേഹം അംഗീകരിക്കുകയും മറ്റു പ്രശ്നങ്ങളെ അവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുമായിരുന്നു അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) മുതലായ മാതൃഗായോഗ്യരുടെ നിലപാട്. പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ അവയെപ്പറ്റി നബി(സ) യുടെ വല്ല പ്രസ്താവനകളുമുണ്ടോ എന്ന് സഹാബികളോടു ചോദിക്കുകയും ഇല്ലെങ്കിൽ അവരുടെ അഭിപ്രായങ്ങളാരാഞ്ഞ് തീരുമാനം കാണുകയുമായിരുന്നു അന്നത്തെ പതിവ്. മാതാമഹിയുടെ അനന്തരാവകാശം സക്കാത്ത് നൽകാത്തവരോട് സമരം എന്നീ കാര്യങ്ങൾ അബൂബക്കർ(റ) തീരുമാനിച്ചതും യുദ്ധത്തിൽ കൈവന്ന ഭൂമി വിതരണം ചെയ്യാതെ പൊതു ഉടമയിൽ വെക്കാൻ ഉമർ(റ) നിശ്ചയിച്ചതും ഇതേ അടിസ്ഥാനത്തിലായിരുന്നു. ഇതര സ്റ്റേറ്റുകളിലേക്ക് പ്രതിനിധികളെ നിശ്ചയിച്ചയക്കുമ്പോൾ ഖുർആനിലും സുന്നത്തിലും വ്യക്തമാക്കാത്ത കാര്യങ്ങളിൽ ഗവേഷണം നടത്താൻ അവരോട് ആജ്ഞാപിച്ചിരുന്നു. ഉമർ(റ) ശുറൈഹിനെ കൂഫാ ഗവർണറായി നിയമിച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വ്യക്തമായി പറയുന്ന കാര്യങ്ങളേതാണെന്ന് നോക്കിയാൽ പിന്നീടവയെപ്പറ്റി ആരോടും ചോദിക്കണ്ട. ദിവ്യഗ്രന്ഥത്തിൽനിന്ന് വ്യക്തമാവാതിരുന്നാൽ പ്രവാചകചര്യയെ പിന്തുടരുക. അതിലും വിശദീകരിച്ചിട്ടില്ലെങ്കിൽ സ്വന്തമായൊരഭിപ്രായം രൂപീകരിക്കുക" —ത്വബ്‌രി

ഉമർ(റ) അബൂമൂസൽ അശ്അരിക്കെഴുതിയ കത്ത് ശ്രദ്ധിക്കുക:

"കിതാബിലും സുന്നത്തിലുമില്ലാത്ത പ്രശ്നങ്ങൾ നിന്റെ മനസ്സിനെ അലട്ടിയാൽ അവയെ സസൂക്ഷ്മം പഠിക്കുക. തത്തുല്യമായ പ്രശ്നങ്ങൾ മനസ്സിലാക്കി അവയോട് താരതമ്യം ചെയ്ത് ഒരഭിപ്രായം രൂപീകരിക്കുക."

നബി(സ) യെ പിന്തുടരുകയാണ് ഇത്തരുണത്തിൽ ഉമർ(റ) ചെയ്തത്. മുആദുബ്നു ജബലി(റ) നെ യമനിലേക്കയച്ചപ്പോൾ തിരുമേനി അദ്ദേഹത്തിന് ഇതേപോലെയുള്ള നിർദേശം നൽകിയ സംഭവം വളരെ പ്രസിദ്ധമാണല്ലോ.

സഹാബത്തിന്റെ കാലശേഷം മുസ്‌ലിം ലോകം അംഗീകരിച്ച കർമ്മനയവും ഇതുതന്നെയായിരുന്നു ഇമാം അബൂഹനീഫ (ഹി.80–150) പറയുന്നു:

"ഞാൻ അല്ലാഹുവിന്റെ കിതാബ് സ്വീകരിക്കുന്നു. അതിൽ കണ്ടില്ലെങ്കിൽ റസൂലിന്റെ സുന്നത്ത് സ്വീകരിക്കുന്നു. അവ രണ്ടിലുമില്ലെങ്കിൽ ഞാനുദ്ദേശിക്കുന്ന സഹാബികളുടെ വാക്കുകൾ സ്വീകരിക്കും. ഉദ്ദേശിക്കുന്നവരുടെ വാക്കുകൾ നിരസിക്കുകയും ചെയ്യും. മറ്റുള്ളവരുടെ വാക്കുകളൊന്നും ഞാൻ പരിഗണിക്കാറില്ല. എന്നാൽ കാര്യങ്ങൾ ഇബ്രാഹീം, ശഅബി, ഇബ്നു സീരീൻ, ഹസൻ, അത്വാഅ്, ഇബ്നുൽ മുസയ്യിബ്– കുറേ പേരെ അദ്ദേഹം എണ്ണി– എന്നിവരുടെ പടിയിലെത്തിയാൽ എന്റെ നിലപാട് ഇതാണ്: അവർ ഇജ്തിഹാദ് ചെയ്തു. അവരെപോലെ ഞാനും ഇജ്തിഹാദ് ചെയ്യും." മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: 'അവർ മനുഷ്യരാണ്. നമ്മളും മനുഷ്യരാണ്.'

ഇമാം മാലിക്കോ(ഹി. 93–179) ഇമാം ശാഫിയോ (ഹി. 150–204) ഇമാം അഹമ്മദുബ്നു ഹമ്പലോ (ഹി.163– 238) തങ്ങളുടെ പൂർവികരുടെ അഭിപ്രായങ്ങളെ അനുകരിക്കുകയല്ല ചെയ്തത്. എങ്കിൽ അവർക്കാർക്കും സ്വതന്ത്രമായ മദ്ഹബുകൾ (ചിന്താപ്രസ്ഥാനം) ഉണ്ടാകുമായിരുന്നില്ല. ഇവരുടേതല്ലാത്ത

വേറെയും പല മദ്ഹബുകളുമുണ്ട്. ഇമാം ലൈസിന്നും ഔസാഇക്കും സ്വതന്ത്രമായ ചിന്താഗതികളുണ്ടായിരുന്നു. "മാലിക്കിനെക്കാൾ കർമ്മശാസ്ത്ര പാണ്ഡിത്യം ലൈസിന്നാണ്" എന്ന് ഇമാം ശാഫിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ ചിന്താഗതികൾ പ്രചരിപ്പിക്കാൻ സമർത്ഥരായ ശിഷ്യഗണങ്ങളില്ലാത്തതിനാൽ അവ കാലത്തിന്റെ ചവിട്ടേറ്റ് മൃതപ്രായമായെന്നുമാത്രം. പ്രസ്തുത ഇമാമുകളെല്ലാം തങ്ങളെ ആരും അന്ധമായനുകരിക്കരുതെന്നും തെളിവുകളുടെ പിൻബലം നോക്കി മാത്രമേ പിന്തുടരാവൂ എന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇമാം അബൂഹനീഫ പറഞ്ഞു:

"എന്റെ തെളിവെന്താണെന്നറിയാത്തവർ എന്റെ അഭിപ്രായമനുസരിച്ച് ഫത്‌വ നൽകരുത്."

ഇമാം മാലിക് പറഞ്ഞു:

"കിതാബിനോടും സുന്നത്തിനോടും യോജിച്ചു വന്ന എന്റെ അഭിപ്രായങ്ങൾ സ്വീകരിക്കുക. അല്ലാത്തവ നിരസിക്കുക."

ഇമാം ശാഫി പറഞ്ഞു:

"ഹദീസാണ് എന്റെ മദ്ഹബ് അതിനെതിരായത് വലിച്ചെറിയുക."

ഇമാം അഹ്മദ് പറഞ്ഞു:

"അല്ലാഹുവിനോടും റസൂലിനോടുമൊപ്പം ആർക്കും ഒന്നും പറയാവതല്ല."

അനുകരണത്തെ അപലപിച്ച അനേകം പണ്ഡിതന്മാരെ ഇനിയും കാണാം. ഇമാം ഗസ്സാലി പറയുന്നു:

"പണ്ഡിതനായൊരാൾ സഹാബത്തിനേയോ അവർക്കു ശേഷമുള്ളവരേയോ അനുകരിക്കാൻ പാടില്ലെന്ന അഭിപ്രായമാണ് ഖാസി അബൂബക്കറുൽ ബാഖില്ലാനി അംഗീകരിച്ചത് നമ്മുടെ പക്കലും അതാണ് പ്രബലം." അദ്ദേഹം എഴുതി: "ഈ മദ്ഹബുകളെല്ലാം വലിച്ചെറിയണം. അവ മാത്രമാണ് ശരിയെന്നുവെക്കാൻ തക്ക അമാനുഷികതയൊന്നും അവക്കില്ല. നിരീക്ഷിച്ച് സത്യാന്വേഷണം നടത്തിയാൽ, അന്ധനായൊരു അനുകാരിയാകാതെ സ്വന്തമായൊരു ചിന്താഗതി സൃഷ്ടിക്കാം."

എല്ലാ കാലഘട്ടത്തിലും ഗവേഷണം നിർബന്ധമാണെന്നും അതിൽ വീഴ്ച വരുത്തിയാൽ ആ കാലക്കാരെല്ലാം കുറ്റവാളികളാകുമെന്നും ഇമാം സുയൂഥി അഭിപ്രായപ്പെട്ടത് "അൽമിലലു വന്നിഹൽ" എന്ന ഗ്രന്ഥത്തിലുദ്ധരിച്ചിട്ടുണ്ട്. അല്ലാമാ ശാഹ്‌വലിയുല്ലാഹിദ്ദഹ്‌ലവിയുടെ അഭിപ്രായവും ഇതുതന്നെയാണെന്ന് അദ്ദേഹത്തിന്റെ 'മുസഫ്ഫാ' എന്ന കൃതി വിളിച്ചോതുന്നു.

മദ്ഹബുകളുടെ ഇമാമുകൾക്ക് പല ശിഷ്യന്മാരുമുണ്ടായിരുന്നെങ്കിലും അവരാരും കണ്ണടച്ച് അനുകരിക്കുന്നവരായിരുന്നില്ല. അബൂഹനീഫ(റ) യുടെ ശിഷ്യന്മാരായ മുഹമ്മദും സഫറും അബൂയൂസുഫും ശാഫി(റ) യുടെ ശിഷ്യരായ മുസ്നിയും റബീഅയും ഹർമലയും ഇമാം മാലിക്കി(റ)ന്റെ ശിഷ്യരായ ഇബ്നു ഖാസിമും ഇബ്നു വഹബും ഇബ്നു അബ്ദിൽ ഹകമും അവരവരുടെ ഇമാമുകൾക്കെതിരായി ധാരാളം വിഷയങ്ങളിൽ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഇമാം ശാഫിയുടെ ഒനുയായി അബൂ അലി അശ്ശൻജി പറയുന്നു:

"ശാഫിയെ ഞങ്ങൾ പിന്തുടർന്നത് അദ്ദേഹത്തിന്റെ അഭിപ്രായമാണ് ശരിയും പ്രബലവുമെന്ന് തെളിഞ്ഞത്കൊണ്ട് മാത്രമാണ്. അദ്ദേഹത്തെ അന്ധമായി അനുകരിച്ചത് കൊണ്ടല്ല." ഇത് തന്നെയായിരുന്നു മറ്റുള്ളവരുടെയെല്ലാം നിലപാട്.

## തുറക്കാത്ത വാതിൽ

നാലാം നൂറ്റാണ്ടിന് മുമ്പ് ഇജ്തിഹാദിന്റെ വാതിൽ മലർക്കെ തുറന്നുകിടക്കുകയായിരുന്നെന്നും, അന്ന് അകത്ത് കടന്നവർ മാത്രം മുജ്തഹിദുകളാണെന്നും പിന്നീട് വന്നവർ പുറത്ത് നിൽക്കുകതന്നെ വേണമെന്നും ശഠിക്കുന്നവരുണ്ട്. നാലാം നൂറ്റാണ്ടിന്ന് ശേഷം അത് തുറക്കാത്ത വാതിലായി മാറിയിരിക്കയാണത്രെ. അജ്ഞതയുടെ ഭൂപ്രദേശത്ത് ബുദ്ധിശൂന്യതയോടെയും യുക്തിരാഹിത്യത്തിന്റെയും വെയിലും കാറ്റുമേറ്റ് വളർന്ന ഈ അഭിപ്രായത്തിന്ന് പല പശ്ചാത്തല കാരണങ്ങളുമുണ്ടായേക്കാം. അനർഹരും അപ്രാപ്തരുമെല്ലാം മുജ്തഹിദുകളായി ചമയുകയും മതവിഷയങ്ങളിൽ മായം ചേർക്കുകയും ചെയ്യാൻ തുടങ്ങിയപ്പോൾ, രാഷ്ട്രീയാധികാരത്തിന്നു വേണ്ടി കിടമത്സരം നടന്ന കാലത്ത് ഇത്തരക്കാരായ പല 'പരിഷ്കർത്താക്കളും' രംഗത്തു വന്നിരുന്നു. ആ വാതിൽ തന്നെ അങ്ങടച്ചേക്കാമെന്നും അർഹന്മാരാരെങ്കിലും വരുമ്പോൾ വിലക്കുകളൊന്നും വിലവെക്കാതെ അവർ 'നിരോധാജ്ഞ' ലംഘിച്ചുകൊള്ളുമെന്നും ആ ബുദ്ധിമാന്മാർ മനസ്സിലാക്കിയിരിക്കും. ഏതായാലും മുറിവൈദ്യന്മാരുടെ ചികിത്സ ആളുകളെ വിഷമിപ്പിക്കുന്നതുകൊണ്ട് മേലിൽ ആരും ചികിത്സിക്കേണ്ടെന്ന് വെക്കുന്ന ഫലമാണ് ഇതുളവാക്കിയത്. ഈ വാദഗതിയെ അപ്പാടെ അനുകരിച്ചവരുടെ ബുദ്ധിശക്തി അപാരമെന്നല്ലാതെ മറ്റെന്തു പറയാൻ.

പൂർവികരായ പണ്ഡിതന്മാരുടെ പ്രതിഭാവിലാസവും വൈജ്ഞാനിക മേധാവിത്വവും കണ്ടമ്പരന്ന് അവരുടെ നേരെ ഒരുതരം ആരാധനാ ഭാവം പ്രദർശിപ്പിച്ച വിഭാഗങ്ങളും ഈ വാദത്തിനനുകൂലം നിന്നിട്ടുണ്ട്. അവരോട് കിട നിൽക്കുന്നവരോ അവരെ കവച്ചു വെക്കുന്നവരോ ഇനിയും ഉണ്ടായേക്കാമെന്ന വസ്തുത അവരുടെ ഭാവനാശക്തിക്കതീതമാണ്. മാനസികാടിമത്തത്തിന്റെയും ആത്മവിശ്വാസക്കുറവിന്റെയും ഫലമായാണ് ഇതുടലെടുക്കുന്നത്. മദ്ഹബുകളുടെ ഇമാമുകളോട് കിട നിൽക്കുന്നവരും ചില വിഷയങ്ങളിൽ അവരെ കവച്ചുവെക്കുന്നവരുമായ സാർവഭൗമന്മാർ സമൂഹ മധ്യത്തിൽ പെറ്റുവീണിട്ടുണ്ടെന്നും അതിന് മതം എതിരല്ലെന്നും ചരിത്രം പരിശോധിക്കുന്ന ഏവർക്കുമറിയാം. നാലിലൊരു മദ്ഹബ് സ്വീകരിക്കൽ നിർബന്ധമാണെന്ന് വാദിക്കുന്ന മറ്റൊരു വിഭാഗവുമുണ്ട്. മദ്ഹബുകൾ രൂപപ്പെടുന്നതിനു മുമ്പും മുസ്‌ലിംകൾ ജീവിച്ചിരുന്നുവല്ലോ. അവർ ആരെ അനുകരിച്ചായിരുന്നു മതകല്പനകൾ സ്വീകരിച്ചിരുന്നതെന്ന് അവർ ഓർക്കുന്നത് നന്ന്. അത്പോലെ ഇസ്‌ലാമിക കർമ്മശാസ്ത്രം നാലു ചിന്താ സരണികളായി വേർപിരിയാമെങ്കിൽ ആ എണ്ണത്തിൽ പ്രത്യേക പുണ്യമൊന്നുമില്ലെന്നും ഇനിയും കഴിവും ശേഷിയുമുള്ളവർക്ക് തങ്ങളുടെ ബുദ്ധി വൈഭവം ഉപയോഗപ്പെടുത്താമെന്നും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല.

ഭരണാധിപന്മാരുടെയും ഉന്നത വിഭാഗങ്ങളുടെയും മദ്ഹബ് പക്ഷപാതവും ഇജ്തിഹാദിന്റെ വാതിലടക്കാൻ കാരണമായിട്ടുണ്ട്. ഭരണ നേതൃത്വത്തിന് പാണ്ഡിത്യം പരിഗണനീയമല്ലാതായപ്പോൾ അധികാരം അനന്തരാവകാശസ്വത്തായി മാറുകയും പാമരന്മാർ ചെങ്കോലേന്തുകയും ചെയ്തു. അവർക്ക് ഇജ്തിഹാദ് ചെയ്യാൻ കഴിവോ അർഹതയോ ഉണ്ടായിരുന്നില്ല. തന്മൂലം തങ്ങൾ സ്വീകരിച്ച അഭിപ്രായങ്ങൾക്ക് പ്രചാരം വരുത്തുകയും എതിരായി ചിന്തിക്കാൻ സന്ദർഭം നൽകാതിരിക്കുകയും ചെയ്യാൻ അവർ അവിശ്രമം യത്നിച്ചു. സ്വതന്ത്രമായി ചിന്തിക്കുന്നവർക്കെതിരിൽ ഭരണസ്വാധീനമുപയോഗിച്ചു ഭീഷണികളു

യർത്തി. സമുദായ ബഹിഷ്കരണവും മർദ്ദനവും അഴിച്ചുവിട്ടു. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ അനുഭവം അനുസ്മരണീയമാണ്. മദ്ഹബുകളുടെ പ്രചാരകന്മാരെ പാരിതോഷികങ്ങളും വഖ്ഫ് സ്വത്തുകളും നൽകി സർവത്ര പ്രോത്സാഹിപ്പിച്ചു. ഇമാം അബൂബക്കറിൽ ബുൽബൈനിയും ശിഷ്യൻ അബൂസർഅത്തും തമ്മിൽ നടന്ന സംഭാഷണം ശ്രദ്ധിക്കുക:

"എല്ലാ കഴിവും യോഗ്യതയുമുള്ള തോടൊപ്പം താജുദ്ദീനിസ്സുബ്ക്കീ എന്തുകൊണ്ടാണ് ഇജ്തിഹാദ് ചെയ്യാതിരിക്കുന്നത്?" ബുൽബൈനി മറുപടിയൊന്നും പറയാതിരുന്നപ്പോൾ ചോദ്യകർത്താവായ അബൂസുർഅത്ത് തന്നെ തുടർന്നു: "നാലു മദ്ഹബുകാരായ ഫുഖഹാക്കൾക്കായി നിശ്ചയിച്ച പാരിതോഷികങ്ങളും സമ്മാനങ്ങളുമാണതിന്ന് കാരണം. നിലവിലുള്ള മദ്ഹബുകളോട് വിയോജിച്ചാൽ അദ്ദേഹത്തിന്നത് ലഭിക്കില്ല. തന്നേയുമല്ല ജഡ്ജി പദവി നഷ്ടപ്പെടും. ജനങ്ങൾ ഫത്‌വ ചോദിക്കാൻ അദ്ദേഹത്തെ സമീപിക്കുകയുമില്ല. 'ബിദ്അത്തുകാരൻ' എന്ന് വിളിച്ചാക്ഷേപിക്കും.'' (ഫിഖ്ഹുസ്സുന്ന:വാ. 1)

എല്ലാ പ്രശ്നങ്ങളും മുൻകാല പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ടെന്നും അതിനാൽ ഇനിയൊന്നും ആവശ്യമില്ലെന്നും വാദിക്കുന്നവരുണ്ട്. ഈ വാദം ഉദ്ധരിക്കാൻ പോലും അർഹമല്ല. കാലാന്ത്യം വരെ സംഭവിക്കുന്ന പ്രശ്നങ്ങളെല്ലാം മുൻകൂട്ടി കാണാൻ ആർക്കാണ് കഴിയുക? അദൃശ്യകാര്യങ്ങൾ അറിയാനുള്ള കഴിവ് അല്ലാഹുവിന്നേയുള്ളൂവെന്നാണല്ലോ ഖുർആൻ പറയുന്നത്. ടെസ്റ്റ്യൂബിൽ ജനിക്കാൻ പോകുന്ന ശിശു, അവയവങ്ങളുടെ സ്ഥാനാന്തരാരോപം എന്നിവയെക്കുറിച്ചൊക്കെ നൂറ്റാണ്ടുകൾ മുമ്പുള്ള മദ്ഹബിന്റെ ഇമാമുകൾ വിധിതീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് പറയുന്നത് ഏതായാലും ബുദ്ധിശൂന്യതയാണ്. ഇനി, അവർ വിധി പ്രസ്താവിച്ച കാര്യങ്ങൾതന്നെ അപ്പടി വിഴുങ്ങണമെന്നുണ്ടോ? പണ്ഡിത പുരോഹിതന്മാരുടെ അഭിപ്രായങ്ങൾ ചോദ്യം ചെയ്യാതനുസരിക്കുന്നവർ അവരെ റബ്ബുകളാക്കുകയാണ് ചെയ്യുന്നതെന്ന് ബനൂ ഇസ്രാഈലിനെപ്പറ്റി ഖുർആൻ പറഞ്ഞതിൽ മുസ്‌ലിംകൾക്ക് യാതൊരു പാഠവുമില്ലേ? ബുദ്ധിയുള്ളവർ ചിന്തിക്കണം.

വ്യക്തിത്വവും വിവരവുമുള്ളവർക്ക് അനുകരണം ഭൂഷണമല്ല. മുസ്‌ലിം ലോകത്തിലെ ഒരു പണ്ഡിത ശ്രേഷ്ഠനായ അബൂസുഹ്റ 'മുഖല്ലിദു' കളെപ്പറ്റി പറഞ്ഞ വാക്കുകൾ പകർത്താം: "അവർ പുസ്തകങ്ങളിലെ വാചകങ്ങളെ ആരാധിക്കുന്നു. അപ്പുറത്തേക്ക് നോക്കുന്നില്ല. തെളിവുകളേയും അഭിപ്രായങ്ങളേയും റിപ്പോർട്ടുകളേയും വെവ്വേറെ മനസ്സിലാക്കുന്നില്ല.

''നമ്മുടെ ഇക്കാലത്തുമുണ്ട് പണ്ഡിതന്മാരുടെ വാദങ്ങൾ, അവയുടെ തെളിവെന്താണെന്ന് പരിശോധിക്കാതെ, വാരിക്കൂട്ടുന്ന ഒരു വിഭാഗം.......ആരാണ് പറയുന്നതെന്നോ അതിന്റെ വിലയെന്താണെന്നോ അതിനുള്ള തെളിവെന്താണെന്നോ അവർ ചിന്തിക്കുന്നില്ല. എന്നിട്ടവർ അത് പ്രചരിപ്പിക്കാൻ നടക്കുന്നു. അവർക്കും അവരെ അനുകരിക്കുന്നവർക്കുമാണ് സർവത്ര നാശം."– ഉസൂലുൽ ഫിഖ്ഹ്

അന്ധമായ അനുകരണം പാടില്ല എന്നു പറയുമ്പോഴേക്കും സമുദായത്തിൽ പിളർപ്പുണ്ടാവുമെന്ന് കൂവി നടക്കുന്നത് കേൾക്കാം. അഭിപ്രായ വ്യത്യാസങ്ങളിൽ ഏതാണ് കൂടുതൽ പ്രബലമെന്ന് മനസ്സിലാക്കി അത് പിന്തുടരണമെന്നല്ലാതെ ആളൊന്നുക്ക് ഓരോ പുതിയ അഭിപ്രായം വേണമെന്ന് ആർക്കും വാദമില്ല. മദ്ഹബ് പക്ഷപാതം വർജ്ജിച്ച് തെളിവുകളുടെ പിൻതുണയുള്ള അഭിപ്രായങ്ങൾ സ്വീകരിക്കാൻ എല്ലാവരും തയാറായാൽ അഭിപ്രായ ഭിന്നത കുറയുകയാണ് ചെയ്യുക. പിന്നെയും കുറച്ചൊക്കെ അവശേഷിക്കുന്നുവെങ്കിൽ തദടിസ്ഥാനത്തിൽ ആരും അടിപിടി കൂടണമെന്ന് പറയുന്നില്ലല്ലോ. ആ ഭിന്നിപ്പ് സ്വാഭാവികമാണ്. സഹാബത്തിന്റെ കാലത്തുപോലും അവ നിലനിന്നിരുന്നു. പലപ്പോഴും ആ ഭിന്നത സമുദായത്തിന്ന് ഒരനുഗ്രഹമായി ഭവിക്കുകയും ചെയ്യും.

വിവരവും വിജ്ഞാനവുമുള്ളവർക്ക് തെളിവുകളുടെ ആക്കതൂക്കങ്ങൾ നോക്കി അഭിപ്രായങ്ങൾ സ്വീകരിക്കാമെങ്കിലും പാമരന്മാരും സാധാരണക്കാരുമായ ആളുകൾ എന്തുചെയ്യുമെന്ന് വിലപിക്കാറുണ്ട്. മതപരമായ വിഷയങ്ങളിൽ മാത്രം ഇങ്ങനെ ഒരു സംശയമുദിക്കുന്നതെങ്ങനെയെന്നാണ് മനസ്സിലാവാത്തത്. സംശയത്തിന്നിടനൽകുന്ന ധാരാളം സംഗതികൾ നാം ദൈനം ദിനം കേട്ടു കൊണ്ടിരിക്കുന്നു. അവയുടെ സംശയ നിവൃത്തി വരുത്താൻ നാമെന്ത് ചെയ്യുന്നുവോ അതുതന്നെയാണ് ഇവിടെയും അവലംബിക്കേണ്ടത്. അറിവുള്ളവരോട് ചോദിച്ച് സംഗതികൾ ഗ്രഹിക്കുക. വിവിധ അഭിപ്രായക്കാരോടും ചിന്താഗതിക്കാരോടും അന്വേഷിക്കുമ്പോൾ കൂടുതൽ പ്രാബല്യം ഏതിന്നാണെന്നറിയാം. "നിങ്ങൾക്കറിവില്ലെങ്കിൽ അറിവുള്ളവരോട് ആരായൂ'' എന്ന് ഖുർആൻ പ്രസ്താവിച്ചതും അതുതന്നെ. എല്ലാവരോടും അന്വേഷിക്കണമെങ്കിൽ കുറച്ച് ബുദ്ധിമുട്ടുകളെല്ലാം സഹിക്കേണ്ടി വരും. മതവിജ്ഞാനം നേടാത്തതിന്റെ പ്രായശ്ചിത്തമാണതെന്ന് ഓർമ്മിച്ചാൽ മതി. ആരേയും അന്ധമായി പിന്താങ്ങാതെ കുറേയൊക്കെ അന്വേഷിച്ചും കഴിയുന്നത്ര ചിന്തിച്ചും സത്യമായി തോന്നുന്ന അഭിപ്രായങ്ങൾ സ്വീകരിക്കാനേ സാധാരണക്കാർക്ക് സാധിക്കൂ. അതിലുപരി അവരിൽനിന്ന് ആരും ആവശ്യപ്പെടുന്നുമില്ല.

## ഖുർആനും സുന്നത്തും

ഇസ്‌ലാമിക പ്രമാണങ്ങളിൽ പ്രഥമ ഗണനീയവും സാർവാംഗീകൃതവും ഖുർആനാണ്. സകല ചിന്തകളുടെയും അടിസ്ഥാനം അതായിരിക്കണമെന്നതിൽ തർക്കമില്ല. മനുഷ്യനെ ബാധിക്കുന്ന സകല കാര്യങ്ങളും അതിൽ വ്യംഗ്യമായോ വ്യക്തമായോ സൂചിപ്പിച്ചിട്ടുണ്ട്. "ഈ ഗ്രന്ഥത്തിൽ നാമൊന്നും വിട്ടുകളഞ്ഞിട്ടില്ല." "എല്ലാറ്റിന്റേയും വിശദീകരണമായി നാം നിനക്ക് ഗ്രന്ഥം അവതരിപ്പിച്ചു."

ഖുർആന്റെ വാചാ–കർമണായുള്ള വ്യാഖ്യാനമാണ് നബിചര്യ അഥവാ സുന്നത്ത്. "ജനങ്ങൾക്ക് അവതരിക്കപ്പെട്ടത് അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയാണ് നാം നിനക്ക് ഖുർആൻ ഇറക്കിയത്." നബി(സ)യുടെ ഇരുപത്തിമൂന്ന് കൊല്ലത്തെ പ്രവാചക ജീവിതം മുഴുവൻ മുസ്‌ലിംകൾക്ക് മാതൃകായോഗ്യവും അനുകരണീയവുമാണ്. സുന്നത്തിന്റെ സഹായത്തോടെയല്ലാതെ ഖുർആൻ ഗ്രഹിക്കുക സാധ്യമല്ല. നമസ്കാരം, സക്കാത്ത്, ഹജ്ജ്, നോമ്പ് എന്നീ മൗലിക കർമങ്ങളുടെ പോലും വിശദീകരണം ഖുർആനിലില്ല. അതുകൊണ്ടാണ് ഇമാം അബൂഹനീഫ പറഞ്ഞത്: ''സുന്നത്തുകളില്ലെങ്കിൽ നമുക്കാർക്കും ഖുർആൻ മനസ്സിലാവുകയില്ല."

"ഖുർആനിൽ പറഞ്ഞ മൗലിക കാര്യങ്ങളുടെ വിശദരൂപം മാത്രമേ സുന്നത്തിലുള്ളൂ. സുന്നത്തിലുള്ള യാതൊന്നിന്റെയും അടിസ്ഥാനം ഖുർആൻ പറയാതിരുന്നിട്ടില്ല."

അതുകൊണ്ടുതന്നെയാണ് പ്രവാചകനെ അനുധാവനം ചെയ്യാനും തിരുവചനങ്ങളനുസരിച്ച് വിധി കാണാനും ഖുർആൻ കല്പിച്ചത്. "നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ, വല്ല കാര്യത്തിലും ഭിന്നാഭിപ്രായമുണ്ടായാൽ അല്ലാഹുവി(ന്റെ ഗ്രന്ഥത്തി)ലേക്കും നബി(ചര്യ)യിലേക്കും മടങ്ങുക.'' അവിടുന്ന് തോന്നിയത് പറയുകയല്ല. "ബോധനവും നല്കപ്പെടുന്ന വഹ്യ് മാത്രമാണത്." അതുകൊണ്ട് "ആർ പ്രവാചകനെ അനുസരിച്ചുവോ അവൻ അല്ലാഹുവെ അനുസരിച്ചു."

താത്വികമായി ഹദീസിന്ന് പ്രാമാണികതയുണ്ടെങ്കിലും വിദഗ്ധമായ പരിശോധനക്ക് ശേഷമേ ഹദീസുകൾ അംഗീകരിക്കാവൂ. കാരണം വളരെയധികം കള്ളക്കടത്തുകളും അട്ടിമറികളും സുന്നത്തിൽ സംഭവിച്ചിട്ടുണ്ട്. പ്രാചീനരും അർവാചീനരുമായ പണ്ഡിതശ്രേഷ്ഠരെല്ലാം അതുണർത്തുകയും ചെയ്തിരിക്കുന്നു. സഹീഹായ ഹദീസിന്റെ നിർവചനങ്ങൾ പണ്ഡിതന്മാർ നല്കിയിട്ടുണ്ട്. ആ മാനദണ്ഡങ്ങളനുസരിച്ച് നിവേദന പരമ്പര പരിശോധിക്കണം. അങ്ങനെ പ്രബലമാണെന്ന് ബോധ്യപ്പെട്ട ശേഷമേ ഹദീസുകൾ അംഗീകരിക്കാവൂ. തന്നേയുമല്ല, ഹദീസിന്റെ ആശയം കൂടി പരിഗണിക്കണം. ഖുർആന്റെ അധ്യാപനങ്ങൾക്കും ബുദ്ധിയുടെ വ്യക്തമായ തേട്ടങ്ങൾക്കും വിരുദ്ധമായി കാണുന്ന ഹദീസുകൾ, അവയുടെ നിവേദന പരമ്പര മാത്രം വീക്ഷിച്ച് സ്വീകരിക്കാവതല്ല. അതുകൊണ്ടാണ് രിവായത്തി(നിവേദന പരമ്പര)ന് പുറമെ ദിറായത്ത് (ആശയം) കൂടി അംഗീകാരയോഗ്യമാണെങ്കിലേ ഹദീസുകൾ ആരോഗ്യകരമാവൂ എന്ന് പണ്ഡിതന്മാർ പറഞ്ഞത്.

## ഇജ്മാഉം ഖിയാസും

മതത്തിൽ പ്രമാണയോഗ്യമായ തെളിവുകളായി ബഹുഭൂരിഭാഗം പണ്ഡിതന്മാരും ഇജ്മാഉം ഖിയാസും അംഗീകരിച്ചിരിക്കുന്നു. ഖുർആനിലും സുന്നത്തിലും വ്യക്തമായ പരാമർശങ്ങളില്ലാത്ത വിഷയങ്ങളിലാണ് ഇജ്മാഉം ഖിയാസും തെളിവായി സ്വീകരിക്കുക. ഖുർആന്നോ സുന്നത്തിന്നോ എതിരായി വല്ല ഇജ്മാഓ ഖിയാസോ കാണപ്പെടുകയാണെങ്കിൽ (?) അവക്ക് പ്രാമാണിക രംഗത്ത് ഒരു വിലയുമില്ല.

ഇജ്മാഇന്ന് രണ്ടുതരം നിർവചനമുണ്ട്. ഒന്ന്:

"ഈ സമുദായത്തിലെ മുജ്തഹിദുകളെല്ലാം ഏതെങ്കിലും ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാരാവുകയാണ് ഉജ്മാഅ്." ഈ നിർവചനമനുസരിച്ച് പ്രവാചക കാലം മുതൽ വർത്തമാന കാലം വരെ സമുദായത്തിൽ ജനിച്ച മുജ്തഹിദുകളെല്ലാം ഒരു വിഷയത്തെക്കുറിച്ച് ഒരേ അഭിപ്രായം പ്രകടിപ്പിക്കുന്നതാണ് ഇജ്മാഅ്. എല്ലാവരുടേയും അഭിപ്രായം അറിയുകതന്നെ വേണമെന്നും ആരും മൗനം ദീക്ഷിക്കരുതെന്നും നിഷ്കർഷയുണ്ട്. കാരണം കുറേ പേർ മൗനം ദീക്ഷിക്കുകയും അവരുടെ അഭിപ്രായമെന്താണെന്ന് അറിയാതിരിക്കുകയുമാണെങ്കിൽ അതിന്ന് 'ഇജ്മാഉ സ്സുകൂതി' എന്നാണ് പേർ. അത് പ്രമാണമാണെന്ന് അധികമാരും പറയുന്നില്ല. ഈ നിർവചനമനുസരിച്ചു ഇജ്മാഅ് ചരിത്രത്തിൽ എന്നെങ്കിലും സംഭവിച്ചതായി കാണാൻ കഴിയുന്നില്ല.സഹാബത്തിന്റെ കാലത്താണ് ഇങ്ങനെ വല്ലതും സംഭവിക്കാൻ സാധ്യത. കാരണം, അതിന്ന് ശേഷം മുസ്‌ലിം പണ്ഡിതന്മാർ നാട്ടിന്റെ നാനാ ഭാഗങ്ങളിൽ ചിതറിക്കിടക്കുകയും അവരെ മുഴുവൻ ഒരുമിച്ചുകൂട്ടി എല്ലാവരുടേയും അഭിപ്രായമറിയാൻ സാധിക്കാതാവുകയുമുണ്ടായല്ലോ. നാഗരികതയുടെ വികാസം പരിമിതമായിരുന്ന മുൻകാലങ്ങളിൽ പ്രത്യേകിച്ചും. സഹാബത്തിന്റെ കാലത്തുതന്നെ എല്ലാ സഹാബികളും ഒരേ വിഷയകമായി ഒരേ അഭിപ്രായം രേഖപ്പെടുത്തിയത് കാണുന്നില്ല. അതുകൊണ്ടാണ് ഇമാം അഹ്മദുബ്നു ഹമ്പൽ പറഞ്ഞത്:

"ഇജ്മാഅ് വാദിക്കുന്നവൻ കളവാണ് പറയുന്നത്."

രണ്ടാമത്തെ നിർവചനം ഇതാണ്: "നബിക്ക് ശേഷം ഏതെങ്കിലും ഒരു കാലത്തെ മുജ്തഹിദുകൾ ഒരു വിധിയിൽ ഏകോപിക്കുകയാണ് ഇജ്മാഅ്." ഈ നിർവചനമനുസരിച്ച് ഏതെങ്കിലും കാലത്ത് ഉണ്ടായേക്കാവുന്ന ഇജ്മാഅ് ഗവേഷണാത്മകമായ പ്രശ്നങ്ങളിലായിരിക്കുമെന്ന് വ്യക്തം. അത്തരം പ്രശ്നങ്ങളിൽ പിൽകാല പണ്ഡിതന്മാർക്ക് മുൻഗാമികളുടെ അഭിപ്രായങ്ങൾക്ക് വിരുദ്ധമായി പുതിയ അഭിപ്രായങ്ങളുണ്ടാവുന്നതിന്ന് ശരീഅത്തിൽ വിരോധമൊന്നുമില്ല. ഒരു ഘട്ടത്തിലുണ്ടാവുന്ന ഇജ്മാഇനെ മറ്റൊരു ഘട്ടത്തിലുണ്ടാവുന്ന മറ്റൊരു ഇജ്മാഇന്ന് തിരുത്താമെന്ന് സാരം. ശാശ്വതികത്വമില്ലാത്ത, കാലബന്ധിതമായ ഇത്തരം ഇജ്മാഉകൾക്ക് ശരീഅത്തിൽ ഖുർആന്റെയും സുന്നത്തിന്റെയും സ്ഥാനം നൽകുന്നതെങ്ങനെ?

ഇജ്മാഅ് ഒരു പ്രമാണമാണോ എന്ന കാര്യം തന്നെ ചിന്തനീയമാണ്. കാരണം, അതിനുന്നയിക്കുന്ന തെളിവുകളൊന്നും അവ്വിഷയകമായി ഖണ്ഡിതമോ അന്തിമമോ അല്ല. ഒരു തെളിവ് ഖുർആനിലെ 4:15 ആണ്.

ഈ സൂക്തത്തിൽ "സന്മാർഗം വ്യക്തമായതിന്ന് ശേഷവും പ്രവാചകനോടെതിർക്കുകയും മുഅ്മിനുകളുടേതല്ലാത്ത മാർഗം സ്വീകരിക്കുകയും ചെയ്യുന്നവ" രെ ശിക്ഷിക്കു"മെന്ന് ഖുർആൻ പറയുന്നു. ഇജ്മാഇന്നെതിരിൽ പ്രവർത്തിക്കുന്നവൻ അതാണ് ചെയ്യുന്നതെന്നത്രെ വാദം. പ്രവാചകന്ന് വിപരീതം പ്രവർത്തിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ മുഅ്മിനുകളുടെ മാർഗമെന്ന് തനിക്ക് ബോധ്യമാവുന്നത്– മറ്റുള്ളവർ വേറെ അഭിപ്രായക്കാരാണെങ്കിലും––സ്വീകരിക്കുന്നതിനെക്കുറിച്ചല്ല.

"സ്വർഗസ്ഥനാവണമെന്നാഗ്രഹമുള്ളവർ സംഘടനയെ മുറുകെ പിടിക്കട്ടെ" എന്ന ഹദീസും ഉപോൽബലകമായുദ്ധരിക്കാറുണ്ട്, യഥാർത്ഥത്തിൽ ഇത് സംഘടനാജീവിതത്തിന് തെളിവാണെന്നല്ലാതെ ഇജ്മാഇനെപ്പറ്റി യാതൊന്നും ദ്യോതിപ്പിക്കുന്നേയില്ല. "എന്റെ സമുദായം മുഴുവൻ ദുർമാർഗത്തിലൊന്നിക്കയില്ല" എന്ന റിപ്പോർട്ടും ചിലർ എടുത്തോതുന്നു. ഈ റിപ്പോർട്ട് ശരിയാണെങ്കിൽ, സത്യത്തിന്നുവേണ്ടി നിലകൊള്ളുന്ന ഒരു വിഭാഗം കാലാന്ത്യം വരെ ഭൂമുഖത്തുണ്ടാവുമെന്നും സമുദായം ഒന്നടങ്കം കുഫ്റില കപ്പെടുകയില്ലെന്നുമാണതിന്നർത്ഥം. ഇനി ഇത് ഇജ്മാഇന്ന് തെളിവാണെന്നംഗീകരിച്ചാൽ തന്നെ ഇജ്മാഇന്നെതിരായി അഭിപ്രായം തോന്നുന്ന മുജ്തഹിദ് അത് വെട്ടിത്തുറന്ന് പറയുകയാണല്ലോ വേണ്ടത്. കാരണം സമുദായത്തിലെ ഒരംഗമായ അയാളുടെ വാക്ക് മാത്രം സത്യമാകാനും അതുകൊണ്ടു മാത്രം ദലാലത്തിൽ ഒരുമിക്കാതിരിക്കാനും സാധ്യതയുണ്ട്.

യഥാർഥത്തിൽ ഈ സാങ്കല്പികമായ ഇജ്മാഇന്ന് യാതൊരു അപ്രമാദിത്വവുമില്ല. ഇജ്മാഇന്റെ അടിസ്ഥാനമെന്താണെന്ന് നോക്കാതെ അന്ധമായി അനുകരിക്കാനും പാടില്ല. ഇജ്മാഇന്റെ

പ്രമാണികത പോലുള്ള മൗലിക കാര്യങ്ങൾ തെളിയിക്കാൻ മേൽപറഞ്ഞ തെളിവുകൾ തികച്ചും അപര്യാപ്തമാണ്. ഒരു കാലത്തുള്ള പണ്ഡിതന്മാർ മുഴുവൻ ഒരഭിപ്രായം പറഞ്ഞാൽ, അതിന്നെതിരാണ് തെളിവുകളെന്ന് ബോധ്യപ്പെടുന്ന മുജ്തഹിദ് സ്വന്തം അഭിപ്രായത്തിൽ പല പശ്ചാത്തലങ്ങളുമുണ്ടായിരിക്കും. അവരും ഖുർആന്റേയോ സുന്നത്തിന്റേയോ അടിസ്ഥാനത്തിലുള്ള ഒരു മുസ്തനദ് അനുസരിച്ചു പറയുന്നു. താനും അങ്ങനെത്തന്നെ. ഇജമാഇന്നുള്ള തെളിവും ഖുർആനും സുന്നത്തുമായതുകൊണ്ട് അവക്കുപുറമെ ഒരു മൂന്നാം പ്രമാണം ആവശ്യമില്ല.

അധിക പണ്ഡിതരും അംഗീകരിച്ച നാലാം പ്രമാണം ഖിയാസ് ആണ്. അത് ഇപ്രകാരം നിർവചിക്കപ്പെട്ടിരിക്കുന്നു.

"വിധി പ്രസ്താവിക്കപ്പെട്ട ഒരു കാര്യത്തിലുള്ള അതേ കാരണം വിധി പറയാത്ത മറ്റൊന്നിലും കാണുന്നതിനാൽ ആദ്യത്തേതിന്റെ വിധി രണ്ടാമത്തേതിന്നും ബാധകമാക്കുന്നതിന്നാണ് ഖിയാസ് എന്നു പറയുന്നത്." ചൂതാട്ടം ഖുർആൻ നിരോധിച്ചു. ലോട്ടറിയെക്കുറിച്ച് യാതൊന്നും അത് പറയുന്നുമില്ല. അപ്പോൾ ചൂതാട്ടം നിരോധിക്കാനുള്ള കാരണം ലോട്ടറിയിലും കാണുന്നതിനാൽ ലോട്ടറിയും നിഷിദ്ധമാണ്. ഈ ഉദാഹരണത്തിലൂടെ ഇക്കാര്യം ഗ്രഹിക്കാം. ഇവിടെ ചൂതാട്ടം ഖുർആൻ വിരോധിച്ചു. അതിന്ന് ഖുർആനിൽ നിന്നോ സുന്നത്തിൽനിന്നോ മനസ്സിലാവുന്ന ഒരു കാരണം ഉണ്ടായിരിക്കും. അതേ കാരണം ലോട്ടറിയിലുമുണ്ടോ എന്ന് ഇജ്തിഹാദ് ചെയ്യുകയാണ് മുജതഹിദ്. അത് തന്നെയാണ് ഖിയാസും.അപ്പോൾ ഇജ്തിഹാദിന്ന് ഖിയാസ് തെളിവാണെന്ന്പറഞ്ഞാൽ ഇജ്തിഹാദിന്ന് ഇജ്തിഹാദ് തെളിവാണ് എന്നാണർത്ഥം. ഖുർആനിൽ നിന്നോ സുന്നത്തിൽനിന്നോ ഒരു കാര്യത്തിന്റെ കാരണം മനസ്സിലായാൽ അതേ കാരണം കാണുന്നേടത്തെല്ലാം അതേ നിയമം തന്നെയാണുണ്ടാവുക. അവയിൽ ഈ കാരണം കണ്ടുപിടിക്കാൻ മുജ്തഹിദുകൾ ഗവേഷണം ചെയ്യണം.

ഖിയാസ് കൊണ്ട് തീരുമാനിക്കപ്പെടുന്ന കാര്യങ്ങളെല്ലാം ഖുർആൻ കൊണ്ടും സുന്നത്തുകൊണ്ടും തന്നെ സ്ഥാപിതമായവയായിരിക്കും. എന്നിരിക്കെ ഒരു ഖിയാസിനെ വെറുതെ വലിച്ചിഴക്കേണ്ട കാര്യമില്ല.

### വേറെയും പ്രമാണങ്ങൾ

ഇവക്ക് പുറമെ പല മദ്ഹബുകാരും വേറെയും ചില കാര്യങ്ങളെ പ്രമാണങ്ങളായി അംഗീകരിച്ചിരിക്കുന്നു. തങ്ങളുടെ മദ്ഹബിന്റെ വാദഗതികളെ പറഞ്ഞൊപ്പിക്കാൻ വേണ്ടി മെനഞ്ഞെടുത്തവയാണ് ഇവയെന്ന് പ്രഥമ ദൃഷ്ടത്തിൽതന്നെ ബോധ്യമാവും. അവയിലൊന്നാണ് 'ഇസ്തിഹ്സാൻ' (നന്നായിത്തോന്നുക).

'മുജ്തഹിദ് ഒരു പ്രശ്നത്തിൽ, അതുപോലുള്ള പ്രശ്നങ്ങളിൽ സ്വീകരിച്ച തീരുമാനം എടുക്കാതിരിക്കുക. അതിന്ന് പ്രേരകമായ കാരണങ്ങളുണ്ടാവും. ഇതിന്ന് ഇസ്തിഹ്സാൻ എന്നുപറയുന്നു.' ഹനഫികളും മാലിക്കികളും ഇതംഗീകരിക്കുന്നു. പക്ഷെ, ഇമാംശാഫി പറയുന്നതിങ്ങനെയാണ്: "ഓരോ വിധികർത്താവിനും ഗവേഷകനും യാതൊരടിസ്ഥാനവുമില്ലാതെ ഓരോ കാര്യങ്ങൾ നന്നായിത്തോന്നിയാൽ സംഗതി കുഴപ്പമാണ്. ഒരേ വിഷയത്തെക്കുറിച്ച് ഓരോരുത്തരുടെ അഭിരുചികളനുസരിച്ച് നിയമങ്ങൾ വ്യത്യസ്തമാകും. ഒരഭിപ്രായത്തിന് മറ്റൊന്നിനേക്കാൾ മുൻഗണന നൽകാനും സാധിക്കില്ല. കാരണം അതിന്നു പറ്റുന്ന മാനദണ്ഡമോ ഉരകല്ലോ ഉണ്ടായിരിക്കില്ല" – (അൽഉമ്മ്)

മുസ്‌ലിംകൾ സാധാരണ സ്വീകരിച്ചുവരുന്ന നടപടിക്രമം (ഉർഫ്) തെളിവാണെന്ന് പറയുന്നവരുണ്ട്. അങ്ങനെയാണെങ്കിൽ അന്ധവിശ്വാസവും അനാചാരവും കാരണമായി സമുദായത്തിൽ കടന്നുകൂടിയ തെറ്റുകളും പിഴവുകളുമെല്ലാം തെളിവായി അംഗീകരിക്കേണ്ടി വരും–– അതൊരിക്കലും സ്വീകാര്യമല്ല.

മസാലിഹു മുർസലത് എന്നും ഇസ്തിസ്‌ലാഹ് എന്നും വിളിക്കുന്ന ചില പ്രമാണങ്ങളും പലരും പറഞ്ഞുകേൾക്കുന്നു. പ്രത്യേക തെളിവുകളൊന്നുമില്ലെങ്കിലും ദീനിന്റെ ആകത്തുകയിൽനിന്ന് മനസ്സിലാവുന്നത് എന്നാണിതിന്റെ വിവക്ഷ. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മനസ്സിലാവുന്ന കാര്യങ്ങളേ ദീനിലുള്ളൂവെന്നതിനാൽ ഇങ്ങനെ പ്രത്യേകമായി ചില പ്രമാണങ്ങളുടെ ആവശ്യമൊന്നുമില്ല.

ചുരുക്കത്തിൽ ഖുർആനും സുന്നത്തുമൊഴിച്ചുള്ള മറ്റു തെളിവുകൾക്കെല്ലാം ആധാരം അവ രണ്ടുമാണ്. അതിനാൽ അവയെക്കൂടാതെ മറ്റൊരു പ്രമാണത്തിന്റേയും ആവശ്യകതയില്ല. 'നിങ്ങൾക്ക് അഭിപ്രായ ഭേദമുണ്ടായാൽ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.' എന്ന ഖുർആനിക സൂക്തവും അതാണ് സ്ഥാപിക്കുന്നത്.

●